**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 836** **14-10-2026-ൽ മറുപടിയ്ക്ക്**

**വനാതിർത്തി മേഖലകളിൽ ജനസുരക്ഷക്കായി കർമ്മപരിപാടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. ഫൈസൽ ബാബു

ശ്രീ. സി. കെ. കാസിം

ശ്രീ. പി. കെ. നവാസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വനാതിർത്തിയോടു ചേർന്നുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി പുതിയ കർമ്മപരിപാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** വനാതിർത്തിയോടു ചേർന്നുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിവിധ കർമ്മ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "ലാന്റ്സ്കേപ്പ് ലെവൽ "പ്ലാൻ പ്രകാരമുള്ള പദ്ധതികൾ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**(ബി)** വന്യജീവി സംഘർഷം കുറയ്ക്കുന്നതിനും നഷ്ടപരിഹാരതുക വിതരണം കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികളിൽ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട് . പ്രതിരോധ നിർമ്മിതികളായ സൗരോർജ്ജ തൂക്കുവേലി, എ.ഐ. സ്മാർട്ട് ഫെൻസ് തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവും, പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ, എ.ഐ. അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ-മുന്നറിയിപ്പ് സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിലെ കർഷകരിൽ നിന്നും ഇടിച്ചക്ക ശേഖരിക്കുന്നതിനുള്ള നടപടികൾ, പുതിയ ആർ.ആർ.ടി.കളുടെ രൂപീകരണവും നിലവിലുള്ളവയുടെ ശാക്തീകരണവും, ഹോട്ട് സ്പോട്ടുകളിൽ സ്പെഷ്യൽ റിസർവ് ഫോഴ്സുകളുടെ വിന്യാസം, മെട്രോ റെസ്പോൺസ് ടീമുകളുടെ രൂപീകരണം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉപദേശക സമിതി മുതലായ പ്രവൃത്തികൾ ചെയ്തിട്ടുള്ളതാണ്.

വന്യജീവി സംഘർഷം മൂലമുള്ള നഷ്ടപരിഹാരതുക വിതരണം കാര്യക്ഷമമാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ അദാലത്തുകൾ നടത്തി നടപടി സ്വീകരിച്ചു വരുന്നു

**(സി)** വന്യജീവി ആക്രമണം അതിരൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ പുതിയ സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനും നിലവിലുള്ള വേലികളുടെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** വന്യജീവി ആക്രമണം അതിരൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ പുതിയ സൗരോർജ്ജ വേലികൾ നിർമ്മിക്കുന്നതിനും നിലവിലുള്ള വേലികളുടെ അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ വിവിധ കർമ്മ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "ലാന്റ്സ്കേപ്പ് ലെവൽ പ്ലാൻ" തയ്യാറാക്കിയിട്ടുള്ളതും ആയതിൽ പുതിയ സൗരോർജ വേലിയുടെ നിർമ്മാണത്തിനും അവയുടെ പരിചരണത്തിനും ഊന്നൽ നൽകിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**